**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിശ്രമകേന്ദ്രങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം എല്ലാ വിശ്രമ കേന്ദ്രങ്ങളിലും ഓൺലൈൻ ബുക്കിംഗ് സൗകര്യം ഒരുക്കുകയും കൂടാതെ സംസ്ഥാന തലത്തിൽ ഏകോപനത്തിനായി തിരുവനന്തപുരത്ത് ഹെൽപ് ഡെസ്ക് (CCR –Centralized Control Room) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പൊതുജനങ്ങൾക്ക് നേരിട്ട് വിശ്രമകേന്ദ്രത്തിൽ വരാതെ അവർക്ക് സൗകര്യപ്രദമായ തീയതികളിൽ മുറികൾ Online മുഖേന മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും കൂടാതെ ബുക്ക് ചെയ്ത മുറികൾ ആവശ്യമായപക്ഷം Online മുഖേന cancel ചെയ്യുന്നതിനും ടി വാടക തിരികെ നൽകുന്നതിനുമുള്ള സൗകര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ ഏറ്റവും മികച്ച സൗകര്യങ്ങൾ ഉള്ള റൂമുകൾ കുറഞ്ഞ നിരക്കിൽ ഓൺലൈൻ വഴി പൊതുജനങ്ങൾക്കു വളരെ എളുപ്പത്തിൽ ബുക്ക് ചെയ്ത് ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ട്. |
| (സി) | സർക്കാറിന് വരുമാന വർദ്ധനവ് ഇത്തരം പരിഷ്കരണങ്ങളിലൂടെ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിൽ വരികയും മികച്ച ഭൗതിക സൗകര്യങ്ങളോടെ പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങൾ ലഭ്യമാക്കുകയും ചെയ്തതിനാൽ സർക്കാരിന് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗ് സാധ്യമാക്കിയ ശേഷം 1/11/2021 മുതൽ 7/10/2025 വരെ 4,75,000 ബുക്കിംഗ് നടന്നു. 29,06,76,640 രൂപ വരുമാനമായി ലഭിച്ചു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിലെ റസ്റ്റ് ഹൗസുകളിൽ യഥാസമയം ആവശ്യമായ നവീകരണ പ്രവ്യത്തികൾ ചെയ്തുവരുന്നുണ്ട്.

**കൊല്ലം**

കരുനാഗപ്പള്ളി, ശാസ്താംകോട്ട കൊട്ടാരക്കര പുനലൂർ പത്തനാപുരം അച്ചൻകോവിൽ കുറ്റാലം കൊല്ലം കുണ്ടറ ചാത്തന്നൂർ എന്നീ റസ്റ്റ് ഹൗസുകൾ നവീകരിച്ചിട്ടുണ്ട് .

**പത്തനംതിട്ട**

പത്തനംതിട്ട ജില്ലയിൽ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമായ വിശ്രമകേന്ദ്രങ്ങളിൽ ആയവ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി വിശ്രമകേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യുന്നതിനു പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**ആലപ്പുഴ**

ചെങ്ങന്നൂർ റെസ്റ്റ് ഹൗസിൽ നവീകരണത്തിന്റെ ഭാഗമായി **40** ലക്ഷം രൂപ വിനിയോഗിച്ച് പുതിയ കാന്റീൻ കെട്ടിടവും പൊതു ശൗചാലയവും നിർമ്മിച്ചു. ഹരിപ്പാട് റെസ്റ്റ് ഹൗസിൽ **1** കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ചുറ്റമതിലിന്റെയും ഓഫീസ് കോംപ്ലക്സിന്റെയും പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത് **Plastering work, Roof Truss Work** പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കറ്റാനം റെസ്റ്റ് ഹൗസിൽ ചുറ്റമതിലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് **16.74** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

**കോട്ടയം**

വിശ്രമ കേന്ദ്രങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും റണ്ണിങ് കോൺട്രാക്ട് പ്രവർത്തികൾ മുഖേന സമയാ സമയം അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യാറുണ്ട് .

**ഇടുക്കി**

തേക്കടി ഐ.ബി നവീകരിക്കുന്നതിനായി **60** ലക്ഷം രൂപ അനുവദിക്കുകയും, ഈ പ്രവൃത്തിയുടെ **60%** പൂർത്തിയായിട്ടുള്ളതുമാണ്. മറ്റ നവീകരണ പ്രവൃത്തികൾ യഥാസമയം റണ്ണിംഗ് കോൺട്രാക്റ്റ് വഴി ചെയ്തുവരുന്നു.

**എറണാകുളം**

ഫോർട്ടുകൊച്ചി റസ്റ്റ് ഹൗസ് നവീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മൂവാറ്റുപുഴ റസ്റ്റ് ഹൗസിന്റെ പണി പൂർത്തീകരിച്ചുവരുന്നു. കാക്കനാട് റസ്റ്റ് ഹൗസ് ചെറിയ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

**തൃശ്ശൂർ**

പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്തുന്നതിനായി യഥാസമയം എസ്റ്റിമേറ്റ് സമർപ്പിക്കുകയും ടെണ്ടർ വിളിച്ച് കരാറുകാർ മുഖേന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പാലാക്കാട്**

പാലക്കാട് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ റൂമുകളിൽ പഴയ ഫർണിച്ചറുകൾ മാറ്റി പുതിയവലഭ്യമാക്കുകയും റൂമുകളുടെ നവീകരണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**മലപ്പുറം**

കാര്യാലയത്തിനു കീഴിൽ പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്.

**കോഴിക്കോട്**

കോഴിക്കോട് ജില്ലയിലെ റസ്റ്റ് ഹൗസുകളിൽ യഥാസമയം ആവശ്യമായ നവീകരണ പ്രവ്യത്തികൾ ചെയ്തുവരുന്നു.

**വയനാട്**

വയനാട് ജില്ലയിലെ റസ്റ്റ് ഹൌസ് മേപ്പാടി, ഇൻസ്പെക്ഷൻ ബംഗ്ലാവ് മാനന്തവാടി, ടൂറിസ്റ്റ് ബംഗ്ലാവ് കോറോം എന്നീ പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങൾ നവീകരിച്ചിട്ടുണ്ട്.

**കണ്ണൂർ**

കണ്ണൂർ ജില്ലയിലെ വിശ്രമ മന്ദിരങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കാലാനുസൃതമായി നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

**കാസർഗോഡ്**

പെരിയയിൽ പുതിയ റെസ്റ്റ് ഹൗസ് ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെസ്റ്റ് ഹൗസിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.